**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.587** 03.03.2020-ൽ മറുപടിക്ക്

**കടമ്പഴിപ്പുറം സബ് സ്റ്റേഷൻ**

| | ചോദ്യം<br><br>ശ്രീ. പി. ഉണ്ണി | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്നാണ് തീരുമാനിച്ചതെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരാണാനുമതി നൽകിയത് 04.07.2016- നാണ്. |
| (ബി) | കടമ്പഴിപ്പുറം സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | കടമ്പഴിപ്പുറം സബ്സ്റ്റേഷനുവേണ്ടി ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥലം കണ്ടെത്തിയെങ്കിലും അതു നിർമ്മാണത്തിനായി കൈമാറുവാനുള്ള കാലതാമസമാണ് പദ്ധതിയുമായി മുന്നോട്ടു പോകുവാൻ കഴിയാതെ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമായി തുടർച്ചയായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. തുടർ നടപടികൾക്കായി ജലവിഭവ വകുപ്പ് സെക്രട്ടറി കോഴിക്കോട് പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയറോട് ഭാവിയിൽ ടി വകുപ്പിൽ തന്നെ പ്രസ്തുത സ്ഥലം ആവശ്യമായി വരുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ 21.01.2020 – ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കടമ്പഴിപ്പുറം സബ് സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി പണി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ